# അനുഗ്രഹത്തിന്റെ നീരുറവ

മുഹമ്മദ് യൂസുഫ്

ഇന്ന് നാം ജീവിതത്തിന്റെ ഓരോ മേഖലകളിലും വരുത്തിക്കൊണ്ടിരിക്കുന്നതോ വരുത്താനാഗ്രഹിക്കുന്നതോ ആയ മാറ്റത്തിരുത്തങ്ങളിൽ ചിലതെല്ലാം യുക്തവും സ്വീകാര്യവുമാണെങ്കിലും മറ്റുചിലത് യുക്തിശൂന്യവും നിഷ്ഫലവുമാണെന്ന് മാത്രമല്ല അവയുടെ അനന്തരഫലങ്ങൾ വിനാശകരവുമാണ്. കാരണം മനുഷ്യ മഹത്വവും ധാർമിക മൂല്യങ്ങളും പിറകോട്ട് വലിച്ചെറിയപ്പെടുന്നു എന്നതാണവയുടെ അന്ത്യഫലം. ചിന്തയിലും കർമത്തിലും വന്ന ഈ നിലപാട് പാശ്ചാത്യ സംസ്കാരത്തിന്റെ അന്ധമായ അനുകരണവും മാനസികാടിമത്തവും സൃഷ്ടിച്ചതാണ്. അവരുടെ സംസ്കാരം ഭൗതികത്വത്തിന്റെ അടിത്തറമേൽ നിർമിതമാണെന്ന് എല്ലാവർക്കുമറിയാം. അതിനാൽ ഇതേ പ്രകൃതിയുടെ അടിസ്ഥാനത്തിൽ മതത്തോടും സദാചാരങ്ങളോടും അവർക്കാഭിമുഖ്യമില്ല. മതത്തിനും ധർമത്തിനും സ്വകാര്യ ജീവിതത്തിലോ ആരാധനാലയത്തിലോ പോലും അഭയം നൽകാതിരിക്കുന്നതും അക്കാരണത്താൽ തന്നെ. വ്യക്തിപരവും കുടുംബപരവുമായ പ്രശ്നങ്ങളും മതത്തിന്റെ സ്വാധീന വൃത്തത്തിൽനിന്ന് പുറത്താക്കപ്പെട്ടത് പാശ്ചാത്യ ചിന്തയുടെ ആക്രമണം മൂലമത്രെ. തങ്ങളുടെ വ്യക്തിനിയമത്തിൽനിന്ന് കൈകഴുകി നിർമതത്വത്തിന്റെ അടിത്തറകളിൽ നിർമിക്കപ്പെടുന്ന സിവിൽകോഡ് സ്വീകരിക്കാൻ സന്നദ്ധരാവുകയെന്ന് ഇപ്പോൾ മുസ്ലിംകളോടും പറയപ്പെട്ടുകൊണ്ടിരിക്കുന്നു. മാറ്റത്തിരുത്തലുകൾക്കോ റദ്ദാക്കലുകൾക്കോ അനുവാദമില്ലാത്ത മതനിയമങ്ങളാണിവയെന്ന യാഥാർഥ്യം അവഗണിച്ചാൽ തന്നെ, സ്വന്തം മേന്മകൾ (Personal Merits) പരിഗണിക്കുമ്പോൾ ഇസ്ലാമിക നിയമങ്ങളേക്കാൾ ഉത്തമമായത് പോകട്ടെ സമാനമായത് പോലും മറ്റെവിടെയും കാണപ്പെടില്ല എന്നതാണ് സത്യം. ഇത് വിശ്വാസത്തിൽ നിന്നുടലെടുക്കുന്ന ഒരു വാദമല്ല. പ്രത്യുത, ചരിത്രത്തിന്റെ സാക്ഷ്യവും ബുദ്ധിയുടെയും പ്രകൃതിയുടെയും പിൻബലമുള്ള ഒരു യാഥാർഥ്യവുമാണ്.

### അനുഗ്രഹത്തിന്റെ നീരുറവ

ജനസമുദായങ്ങൾ ഇസ്ലാമിക വ്യക്തിനിയമത്തിന്റെ നേട്ടങ്ങൾ നിരന്തരം ആസ്വദിച്ചു പോന്നിട്ടുണ്ടെന്നതിന് ചരിത്രം സാക്ഷ്യം വഹിക്കുന്നു. ചില സമുദായങ്ങളുടെ വ്യക്തിനിയമങ്ങളിൽ ഭാര്യാഭർത്താക്കന്മാരുടെ പരസ്പര ബാധ്യതകളിലും കടമകളിലും നീതിയും നെറിയും തൊട്ടുതെറിച്ചിട്ടില്ലായിരുന്നുവെങ്കിൽ മറ്റു ചിലതിൽ വിവാഹമോചനവും 'ഖുൽഉം' അപരിചിതമായിരുന്നു. ബന്ധുത്വമുള്ള സ്ത്രീകൾക്ക് മാത്രമല്ല, സ്വന്തം പുത്രിമാർക്ക് പോലും അനന്തരാവകാശം നിഷേധിക്കപ്പെട്ടിരുന്നു. മറ്റുചിലർ സീമന്ത പുത്രന് മാത്രമേ അനന്തരസ്വത്തിന്നവകാശം നൽകിയിരുന്നുള്ളൂ. ചിലർ വിധവകളെ വിവാഹം ചെയ്യാൻ തന്നെ പഴുത് വെച്ചില്ല. വേറെ ചിലർ സ്ത്രീയുടെ വ്യക്തിത്വം പുരുഷ വ്യക്തിത്വത്തിന്റെ അനുബന്ധം മാത്രമാണെന്ന് വ്യാഖ്യാനിച്ചു. പക്ഷേ, ഇന്ന് മിക്കവാറും എല്ലായിടത്തും ഇത്തരം അനീതികളുടെയും അവകാശനിഷേധങ്ങളുടെയും അന്ത്യം കുറിച്ചിട്ടുണ്ട്. വ്യത്യസ്ത സമുദായങ്ങളുടെ വ്യക്തിനിയമങ്ങളിൽ ഇങ്ങനെ മാറ്റങ്ങൾ വന്നത് ഇസ്ലാമികനിയമങ്ങളുടെ അനുഗ്രഫലമാണ്. നാവുകൾ സമ്മതിക്കുന്നില്ലെങ്കിലും ഹൃദയങ്ങൾ അംഗീകരിക്കാതിരിക്കില്ല. ഇസ്ലാമിന്റെ നിലയും മാഹാത്മ്യവും പരസ്യമായംഗീകരിക്കാനുള്ള സൗഭാഗ്യം ഇല്ലാത്തതിനാൽ സ്വാഭാവികമായും പ്രസ്തുത നിയമങ്ങൾ അപൂർണമാണെന്നതും അവയിൽ വരുത്തപ്പെട്ട മാറ്റങ്ങൾ വക്രമായിട്ടുണ്ടെന്നതും മറ്റൊരു കാര്യം. എങ്കിലും അവ മുഖേന ഒരു പരിധിവരെ പരിഷ്കരണം സംഭവിച്ചിട്ടുണ്ട്. ഇന്ന് ഇസ്ലാമിക നിയമങ്ങളുടെ വളരെയേറെ അടിസ്ഥാനങ്ങളും ശാഖകളും പ്രസ്തുത നിയമങ്ങളിൽ നമുക്ക് കാണാം. ഇത് ഇസ്ലാം നൽകിയ വ്യക്തിനിയമങ്ങളുടെ മാഹാത്മ്യത്തിന് ചരിത്രം നൽകുന്ന സാക്ഷ്യമല്ലെങ്കിൽ മറ്റെന്താണ്?

ഇസ്ലാമിക നിയമങ്ങളുടെ മറ്റൊരു സവിശേഷത അതിന്റെ സഹജമായ ഔന്നത്യമാണ്. മനുഷ്യനിർമിതമായ നിയമങ്ങൾക്ക് വിപരീതമായി, പ്രപഞ്ചസ്രഷ്ടാവിന്റെ സമ്മതിയും ആധികാരികതയും അവർക്കുണ്ടാവും. അതുകാരണം ഹൃദയങ്ങളിൽ അവയോട് പൂർണമായ ആദരവ് തോന്നുകയും അവയനുഷ്ഠിക്കുന്നത് ദൈവവിധിയാണെന്നും ആരാധനയാണെന്നും ബോധ്യമാവുകയും ചെയ്യും. എന്നാൽ, ഏതെങ്കിലും മനുഷ്യനിർമിത നിയമങ്ങളിലോ സിവിൽ കോഡിലോ ഇത്തരം സമ്മതിയും ആധികാരികതയുമില്ലാത്തതിനാൽ ജനഹൃദയങ്ങളിൽ അവയോട് ആദരവ് ജനിക്കുകയില്ല. ഈ ആദരവാണല്ലോ സകല സന്ദർഭങ്ങളിലും നിയമങ്ങളനുഷ്ഠിക്കുന്നതിൽ സംതൃപ്തിയും ഔത്സുക്യവുമുണ്ടാക്കുന്നത്. അങ്ങേയറ്റം പാലിക്കപ്പെടുകയും ലംഘിക്കാനുള്ള വികാരം ഇല്ലാതിരിക്കുകയും ചെയ്യുന്നതിലാണ് നിയമത്തിന്റെ പ്രയോജനം നിലകൊള്ളുന്നതെങ്കിൽ, ഈ രംഗത്ത് ഇസ്ലാമിക നിയമങ്ങളുടെ മുന്നിൽ മറ്റു സ്വയംകൃത നിയമങ്ങൾക്ക് എന്ത് നിലയും വിലയുമാണുള്ളതെന്ന് നിഷ്പക്ഷർ പറയട്ടെ.

മദ്യപാന നിരോധനത്തിന്റെ ചരിത്ര പ്രസിദ്ധ സംഭവം ലോകത്തിന് മുന്നിലുണ്ട്. ഇസ്ലാം മദ്യനിരോധനോത്തരവ് പുറപ്പെടുവിച്ചപ്പോൾ ചുണ്ടോട് ചേർത്തിരുന്ന മദ്യചഷകങ്ങൾ ദൂരെ വലിച്ചെറിയപ്പെട്ടു. സമൂഹം മുഴുവൻ മദ്യപാനത്തിന്റെ ചിന്തതന്നെ ഉപേക്ഷിച്ചു. എന്നാൽ അമേരിക്ക മദ്യനിരോധന നിയമം പാസാക്കിയപ്പോൾ അത് പിച്ചിച്ചീന്തിയെറിയപ്പെടുകയാണുണ്ടായത്. നമ്മുടെ നാട്ടിലും സ്ഥിതി ഒട്ടും ഭിന്നമല്ല. മുസ്ലിം വ്യക്തിനിയമങ്ങൾ മൗലികമായി ദൈവത്തിന്റെയും പ്രവാചകന്റെയും അരുളപ്പാടുകളായതോടൊപ്പം മറ്റു നിർമിത നിയമങ്ങൾക്കില്ലാത്ത നന്മയും മേന്മയും അവക്കുണ്ടെന്ന

യാഥാർഥ്യം അംഗീകരിപ്പിക്കാൻ ഉൾക്കാഴ്ച തികച്ചും നഷ്ട പ്പെട്ടിട്ടില്ലാത്തവർക്ക് ഈ അനുഭവങ്ങൾ മതി.

ഇസ്‌ലാം നൽകിയ വ്യക്തിനിയമങ്ങളുടെ മഹത്വത്തി ലേക്ക് മൊത്തത്തിൽ വെളിച്ചം വീശുകയാണിവിടെ ചെയ്തത്. ഇനി അവയിൽ സുപ്രധാനമായ വിവാഹം എന്ന ഘടകത്തെ എടുത്ത് അപഗ്രഥിക്കാം.

## വിവാഹം

ഇസ്‌ലാം ഈ പ്രശ്നത്തെ സമീപിച്ചത് പോലെ മറ്റു വല്ലവരും സമീപിച്ചിട്ടുണ്ടോ എന്നത് സംശയകരമാണ്. ഇസ്‌ലാം വിവാഹത്തിന്നനുമതി നൽകുന്നുവെന്ന് മാത്രമല്ല, പ്രോത്സാഹനവും പ്രേരണയും നൽകുകകൂടി ചെയ്യുന്നു. കാരണം, അതിന്റെ ദൃഷ്ടിയിൽ വൈവാഹിക ബന്ധത്തിന്റെ നിലനിൽപ് മഹത്തരവും യുക്തിനിഷ്ഠവുമായ ഒരു സ്കീമിന്റെ അപരിത്യാജ്യ ഘടകമാണ്. പ്രസ്തുത സ്കീമനുസരിച്ചാണ് ലോകത്ത് മനുഷ്യവംശം സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്. ഈ അടിസ്ഥാനത്തിൽ വിവാഹം രണ്ട് വ്യക്തികൾ തമ്മിലുള്ള രഹസ്യ വ്യാപാരം എന്നതിലുപരി ഉന്നതമായ ഒരു കർമമാണ്. ജീവിതത്തിന്റെ ഉത്തമമായ സംവിധാനവും നാഗരികതയുടെ ആരോഗ്യകരമായ വളർച്ചയുമായി അത് ബന്ധപ്പെട്ടിരിക്കുന്നു. നിർമാണത്തിന്റെയും അഭിവൃദ്ധിയുടെയും മാർഗത്തിൽ നിഷേധാത്മകമായ പങ്കുവഹിക്കുന്ന കാരണങ്ങളിൽനിന്ന് വിവാഹത്തെ സംരക്ഷിച്ച് നിർത്തിയതും ഇക്കാരണത്താലാണ്. ഇവ്വിഷയകമായ അടിസ്ഥാന നിയമം വിവാഹം സാധുവാകാൻ സ്ത്രീയും പുരുഷനും മുസ്‌ലിംകളാവൽ നിർബന്ധമാണ് എന്നതത്രെ. മുസ്‌ലിം പുരുഷന് വേദക്കാരിലെ (ജൂത–ക്രിസ്തീയ വിഭാഗങ്ങളിലെ) സ്ത്രീകളെ വിവാഹം ചെയ്യാം എന്നത് മാത്രമാണ് ഇതിന്നപവാദം. ബഹുദൈവ വിശ്വാസിനികളുമായുള്ള വിവാഹത്തിൽ മിക്കവാറും അനിവാര്യമായിത്തീരുന്ന അപകടങ്ങളും കുഴപ്പങ്ങളും വേദക്കാരികളുമായുള്ള ബന്ധത്തിൽ വളരെ കുറയുമെന്നതാണതിന് കാരണം. വിവാഹം സാധുവാകണമെങ്കിൽ സ്ത്രീക്കും പുരുഷനും സ്വതന്ത്രമായ സംതൃപ്തി ഉണ്ടാകുന്നതോടൊപ്പം സ്ത്രീയുടെ രക്ഷാധികാരികളുടെ തൃപ്തിയും ആവശ്യമാണെന്നും ചിലപ്പോൾ അത്യന്താപേക്ഷിതമാണെന്നുമുള്ളതാണ് രണ്ടാമത്തെ സുപ്രധാന നിയമം. പുരുഷന് എല്ലാ ഭാര്യമാരോടും നീതി പുലർത്താൻ സാധിക്കുമെങ്കിൽ ഒന്നുമുതൽ നാലുവരെ സ്വീകരിക്കാമെന്നതാണ് മൂന്നാമത്തേത്. വിവാഹത്തിന്റെ ഉന്നത ലക്ഷ്യങ്ങളും ജീവിതത്തിന്റെ മുഴുത്ത യാഥാർഥ്യങ്ങളും ഗ്രഹിക്കുന്ന വ്യക്തികൾ ഈ നിയമങ്ങളുടെ പ്രാധാന്യം മനസ്സിലാക്കുന്നതിൽ അശക്തരാവില്ല.

ഒരേ മതക്കാരാവണമെന്ന നിബന്ധന വിവാഹത്തിന്റെ ശേഷിപ്പിന്നും ഭദ്രതക്കും വിവാഹോദ്ദേശ്യങ്ങളുടെ സംരക്ഷണത്തിനും അനിവാര്യമാണ്. ഭാര്യാഭർത്താക്കന്മാരുടെ മാനസിക പൊരുത്തവും വൈകാരികൈക്യവും അവരുടെ വൈവാഹിക ബന്ധത്തിന്റെ വിജയത്തിനും ലക്ഷ്യസാഫല്യത്തിനും കൂടാതെ വയ്യ. സാമ്പത്തികവും രാഷ്ട്രീയവുമായ സിദ്ധാന്തങ്ങളിലെ അഭിപ്രായവ്യത്യാസങ്ങൾ പോലും അവർക്കൊരു പരീക്ഷണമാവാറുണ്ട്. അപ്പോൾ ആഴത്തിൽ വേരൂന്നുന്നതും ദൂരവ്യാപകമായ താൽപര്യങ്ങൾ ഉൾക്കൊള്ളുന്നതുമായ മതത്തിന്റെയും ആദർശത്തിന്റെയും ഭിന്നത നിലനിൽക്കുമ്പോൾ ഈ ഉദ്ദേശ്യം എങ്ങനെ സാധിതപ്രായമാകും. വിവാഹം സാധുവാകാൻ ഒരേ മതക്കാരാവണമെന്ന് ഇസ്‌ലാം നിഷ്കർഷിച്ചതോ, മതവ്യത്യാസം തീരെ പരിഗണിക്കാതെ സ്പെഷ്യൽ മാരേജ് ആക്ടിൽ അനുവാദം നൽകിയപോലെ ഭിന്ന ആദർശക്കാരുടെ വിവാഹം അനുവദനീയമാക്കിയതോ ഏതാണ് യാഥാർഥ്യബോധവും ദീർഘവീക്ഷണവുമെന്നാലോചിക്കുക. ഹൃദയത്തിൽ കപടമായ പുരോഗമന ചിന്തയുടെ രോഗം ബാധിക്കാത്തവരെല്ലാം, വിവേകവും യാഥാർഥ്യബോധവും വിദൂരവീക്ഷണവും ശരിവെക്കുന്നത് ഇസ്‌ലാം സ്വീകരിച്ച നിലപാടിനെയാണെന്നും സ്പെഷ്യൽ മാരേജ് ആക്ടിലോ മറ്റു ലോക നിയമങ്ങളിലോ കാണപ്പെടുന്നതിനെയല്ലെന്നും വ്യക്തമായി മനസ്സിലാക്കുമെന്ന് നിർഭയം പറയാവുന്നതാണ്. സ്ത്രീയുടെ രക്ഷിതാക്കളുടെ സമ്മതം വിവാഹ പ്രശ്നത്തിൽ ഒരു പരിധിവരെ പരിഗണനീയമാണെന്ന് നിശ്ചയിച്ചത് വൈവാഹിക ലക്ഷ്യങ്ങളുടെ പ്രാപ്തി കൂടുതൽ സംതൃപ്തമാക്കുകയെന്ന ഉദ്ദേശ്യത്തോടെയാണ്. മതപരവും വിശ്വാസപരവുമായ വീക്ഷണത്തിൽ തരം താഴ്ന്നവരോ സൽപേര് നിലനിർത്താനാവാത്തവരോ സഹജീവിതത്തിൽ പരാജയങ്ങൾക്കും വൈഷമ്യങ്ങൾക്കും കാരണമാകുന്നവരോ ആയ വ്യക്തികളുമായി വൈവാഹികബന്ധം സ്ഥാപിച്ചുകൊണ്ട് കുരുക്കിലകപ്പെടാൻ പെൺകുട്ടി ഇടയാകരുത് എന്ന ലക്ഷ്യവും ഇതിലുണ്ട്. അപരിചിതയും പ്രായേണ അപക്വമതിയും ദുർബലയുമായിരിക്കും പെൺകുട്ടി എന്നത് അറിയപ്പെടുന്ന ഒരു വസ്തുതയാണ്. അതിനാൽ വൈകാരിക സമ്മർദത്താൽ ദൂരദർശനം സാധിക്കാതിരിക്കാനും പ്രശ്നത്തിന്റെ വിവിധങ്ങളും സുപ്രധാനങ്ങളുമായ വശങ്ങൾ ശ്രദ്ധിക്കാതിരിക്കാനുമുള്ള സാധ്യതയുണ്ട്. അപ്പോൾ ആപേക്ഷികമായി ദൂരദർശനമുള്ളവരായ പിതാക്കൾക്കും സഹോദരന്മാർക്കും എല്ലാ പ്രധാന വശങ്ങളും വീക്ഷിച്ച് അഭിപ്രായം രൂപീകരിക്കാൻ സാധിക്കും. അതുകൊണ്ടാണ് അവർക്ക് പെൺകുട്ടിയുടെ വിവാഹത്തിൽ അർഹമായ സ്ഥാനം നൽകിയത്. ഇതവൾക്ക് തന്നെ ഫലപ്രദമായിരിക്കും. ഇതുമൂലം അവളുടെ തൃപ്തിയെ അവഗണിക്കുകയല്ല, അവൾക്ക് ശരിയായ മാർഗദർശനവും സഹായവും ലഭിക്കുകയാണ് ചെയ്യുന്നത്. നടക്കാനിരിക്കുന്ന വിവാഹം ദമ്പതികളിൽ മാത്രമല്ല, അവരുടെ കുടുംബത്തിലും രഞ്ജിപ്പും മമതയും സൃഷ്ടിക്കുക എന്നതാണ് ഈ നിയമത്തിന്റെ മറ്റൊരുദ്ദേശ്യം. ബുദ്ധിപരമായും മതപരമായും തികച്ചും സ്വീകാര്യമായ ഈ നിബന്ധനകൾ ഒരിക്കലും നിരാകരിക്കപ്പെടാവതല്ല.

നമ്മുടെ നാട്ടിൽ നടപ്പാക്കിയ സ്പെഷ്യൽ മാരേജ് ആക്ടിനെ പോലെ രക്ഷിതാക്കളുടെ അഭിപ്രായങ്ങൾക്കും വിവേകത്തിനും പ്രാധാന്യം കൽപിക്കാത്ത നിയമങ്ങളുടെ ബുദ്ധിപൂർവകതയുടെയും യാഥാർഥ്യബോധത്തിന്റെയും ആഴവും വ്യാപ്തിയും സ്വയം അനുമാനിച്ചാൽ മതി. അതിൽ അവലംബിക്കപ്പെട്ട ചിന്താഗതി വ്യക്തികളുടെയും സമൂഹത്തിന്റെയും നന്മക്കും നിർമാണത്തിനും ഉപയുക്തമാണെന്ന് ആരാണ് പറയുക?

## മുസ്‌ലിംകളുടെ ആവശ്യങ്ങൾ

മുസ്‌ലിം പേഴ്സനൽ ലോയെക്കുറിച്ച് ഗവൺമെന്റിനു മുമ്പിൽ മുസ്‌ലിംകൾ സമർപ്പിക്കുന്ന ആവശ്യങ്ങൾ ഇവയാണ്:

1. മാർഗനിർദേശക തത്വങ്ങളിലെ നാൽപത്തി നാലാം ഖണ്ഡിക ദുർബലപ്പെടുത്തുക.

2. മുസ്‌ലിം വ്യക്തിനിയമത്തിൽ ഗവൺമെന്റ് യാതൊരു ഭേദഗതിയും വരുത്തരുത്.

3. സ്പെഷ്യൽ മാര്യേജ് ആക്ട് മുസ്‌ലിംകൾക്ക് ബാധകമാക്കരുത്.

4. ദത്തുപുത്ര ബിൽ പിൻവലിക്കുക. അല്ലെങ്കിൽ, ചുരുങ്ങിയത് മുസ്‌ലിംകളെ അതിന്റെ സ്വാധീനവലയത്തിൽനിന്ന് ഒഴിവാക്കുകയെങ്കിലും ചെയ്യുക.

5. ഇന്ന് ചെയ്തുകൊണ്ടിരിക്കുന്നതു പോലെ, ഏക സിവിൽകോഡ് അൽപാൽപമായി നടപ്പാക്കുക എന്ന ലക്ഷ്യംവെച്ച് ഒരു ബില്ലും ഭാവിയിൽ കൊണ്ടുവരരുത്. ഈ ആവശ്യങ്ങൾ പൂർത്തീകരിക്കപ്പെടാത്തകാലത്തോളം മുസ്‌ലിംകൾക്ക് സ്വസ്ഥതയുണ്ടാവില്ല. അതുപോലെ തങ്ങളുടെ മതവും വിശ്വാസവും ശരീഅത്തും സംസ്കാരവും നാട്ടിൽ സുരക്ഷി

തമാണെന്നും അവർക്ക് അനുഭവപ്പെടുകയില്ല.

## മുസ്‌ലിംകളുടെ ബാധ്യതകൾ

എന്നാൽ ഈ ആവശ്യങ്ങൾ അംഗീകരിപ്പിച്ചതുകൊണ്ട് മാത്രം പ്രശ്നം പരിഹരിക്കപ്പെടില്ല. ഇവ്വിഷയകമായി മുസ്‌ലിംകൾക്കും കുറേ കാര്യങ്ങൾ ചെയ്യാനുണ്ട്. അവയുടെ വിശദീകരണം താഴെ പറയുന്നു:

1. മുസ്‌ലിം പേഴ്സനൽ ലോയിൽ ഭേദഗതി എന്നാർത്തു വിളിക്കാനുള്ള ഒരു മുഖ്യകാരണം ഇന്ന് മുസ്‌ലിം സമൂഹത്തിൽ കാണപ്പെടുന്ന അനീതികളും വിഷമതകളുമാണ്. ഈ വിഷമതകളുടെയും അനീതികളുടെയും കാരണം മുസ്‌ലിം വ്യക്തി നിയമമാണെന്ന് ജനങ്ങൾ പറയുന്നു. വാസ്തവമാകട്ടെ, മുസ്‌ലിംകളുടെ അജ്ഞതയും ദീനിൽനിന്നുള്ള വ്യതിയാനവും മുസ്‌ലിം വ്യക്തിനിയമത്തിന്റെ ദുരുപയോഗവുമാണ് ഇതിനുള്ള കാരണം. മുസ്‌ലിംകളിൽ മതവിജ്ഞാനവും അതനുസരിച്ചുള്ള പ്രവർത്തനവും ഉണ്ടായെങ്കിൽ മാത്രമേ ഈ സ്ഥിതിവിശേഷത്തിൽ മാറ്റം വരൂ. മുസ്‌ലിം സമൂഹം ശരിയായ ഇസ്‌ലാമിക സമൂഹമായിരിക്കണം. ശരീഅത്ത് സമൂഹത്തിലെ വിവിധ വ്യക്തികളുടെ മേൽ ഭരമേൽപിച്ച ബാധ്യതകളെയും മറ്റുള്ളവർക്ക് വകവെച്ചുകൊടുക്കേണ്ട അവകാശങ്ങളെയും സംബന്ധിച്ച ബോധവും അവ നിറവേറ്റാനുള്ള വികാരവും ഉണ്ടാവേണ്ടിയിരിക്കുന്നു. ഇത് സാധ്യമാവുകയാണെങ്കിൽ ഇന്ന് പല മസ്തിഷ്കങ്ങളെയും കുഴക്കിക്കൊണ്ടിരിക്കുന്ന വളരെയേറെ പ്രശ്നങ്ങൾ സ്വയം അവസാനിക്കും.

2. പണ്ഡിതന്മാരുടെയും നിയമജ്ഞന്മാരുടെയും ഒരു ബോർഡ് രൂപീകരിക്കേണ്ടതുണ്ട്. അവർ നിലവിലുള്ള നിയമങ്ങളെ പറ്റി ഖുർആന്റെയും സുന്നത്തിന്റെയും ഇസ്‌ലാമിക കർമശാസ്ത്രത്തിന്റെയും അടിസ്ഥാനത്തിൽ പുനരാലോചിക്കണം. നിലവിലുള്ള സ്ഥിതിഗതികളും നിർബന്ധാവസ്ഥകളും പരിഗണിച്ച് ഖുർആന്റെയും സുന്നത്തിന്റെയും ഇസ്‌ലാമിക കർമശാസ്ത്രത്തിന്റെയും വൃത്തത്തിൽനിന്ന്, ശരീഅത്തിന്റെ ലക്ഷ്യത്തിന് നിരക്കുന്നതും പ്രശ്നങ്ങൾ പൂർണമായി പരിഹരിക്കുന്നതുമായ രൂപത്തിൽ എന്തെല്ലാം പരിഷ്കരണങ്ങൾ വേണമെന്നും ചിന്തിക്കണം.

3. മുസ്‌ലിം വ്യക്തിനിയമം ഖണ്ഡികകളായി ക്രോഡീകരിക്കുക. എങ്കിൽ അവ വേഗത്തിൽ പ്രയോജനപ്പെടുത്താൻ സാധിക്കും.

4. ശരീഅത്തിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തുകൾ സ്ഥാപിക്കുക. ഇസ്‌ലാമിക കോടതികളുടെ അഭാവത്തിൽ ഫസ്ഖ്, ഖുൽഅ് പോലുള്ള അനേകം പ്രശ്നങ്ങൾ അങ്ങനെ പരിഹരിക്കാൻ കഴിയും. ഈ പഞ്ചായത്തുകൾ മുസ്‌ലിംകൾ രൂപീകരിക്കുകയും തങ്ങളുടെ വൈയക്തിക പ്രശ്നങ്ങളിൽ അവയെ സമീപിക്കുകയും വേണം. അവയുടെ തീരുമാനങ്ങൾ നിർബന്ധമായി നടപ്പാക്കുകയും വേണം.

5. അപ്പീലിനുവേണ്ടി എല്ലാ സംസ്ഥാനങ്ങളിലും പണ്ഡിതന്മാരുടെ ഒരു ബോർഡ് സ്ഥാപിക്കണം.

6. നിരന്തര അധ്യാപനങ്ങളും പ്രചാരണങ്ങളും മുഖേന മുസ്‌ലിം വ്യക്തിനിയമത്തിലെ മുഖ്യ വശങ്ങൾ മുസ്‌ലിം പൊതുജനങ്ങൾക്ക് മനസ്സിലാക്കിക്കൊടുക്കണം.

പണ്ഡിതന്മാരും പ്രസംഗകരും ഗ്രന്ഥകർത്താക്കളും എഴുത്തുകാരും സൃഷ്ടികളുടെ അവകാശങ്ങളെയും സാമൂഹികവും ഗാർഹികവുമായ ജീവിത പ്രശ്നങ്ങളെയും പറ്റി ജനങ്ങൾക്ക് കൂടുതൽ വിശദീകരിച്ചുകൊടുക്കേണ്ടതുണ്ട്. വിവാഹം, വിവാഹമോചനം, അന്തരാവകാശം തുടങ്ങിയ കാര്യങ്ങളും ഭാര്യാഭർത്താക്കളുടെ ബാധ്യതകളും സംബന്ധിച്ച് അത്യാവശ്യമായ വിശദീകരണങ്ങൾ അവർക്കെപ്പോഴും നൽകണം. കുടുംബത്തോടുള്ള ബാധ്യതകൾ നിറവേറ്റുന്നവർക്ക് ഖുർആനിലും സുന്നത്തിലുമുള്ള സന്തോഷവാർത്തകളും അവകാശ നിഷേധങ്ങൾക്കുള്ള ഭീഷണിയും അവരെ തെര്യപ്പെടുത്തണം. വിവാഹപ്രസംഗം നിർവഹിക്കുമ്പോഴും ഇത്തരം കാര്യങ്ങൾ വിസ്തരിക്കുന്നത് ഉചിതമായിരിക്കും. ഭാര്യാഭർത്താക്കളുടെ അവകാശങ്ങളും ബാധ്യതകളും വിവാഹത്തെയും വിവാഹമോചനത്തെയും കുറിച്ച പ്രശ്നങ്ങളും ഉൾക്കൊള്ളുന്ന ഒരു കൊച്ചു പുസ്തകം വിവാഹം കഴിയുന്ന തോടൊപ്പം ദമ്പതികളെ ഏൽപിക്കുന്നതും നന്നായിരിക്കും.

തീർച്ചയായും പ്രളയം കനത്തതാണ്. എങ്കിലും നാം തത്വദീക്ഷയും വിവേകവും ദൃഢനിശ്ചയവും ഐക്യവും കൈക്കൊണ്ട് ദൈവാർപ്പണബോധത്തോടെ മുന്നോട്ട് ഗമിച്ചാൽ ദൈവിക സഹായത്താൽ ഈ പ്രളയത്തിനിടയിലൂടെ സ്വന്തമായൊരു മാർഗം സൃഷ്ടിക്കാം. അല്ലാഹുവാണ് സഹായികളിൽ അത്യുത്തമൻ. ■